(സി) ശബരിമലയിലെത്തുന്ന തീർത്ഥാടകരെ കൂടി ലക്ഷ്യമിട്ടുകൊണ്ട് അന്യഭാഷാ പരസ്യങ്ങൾ നൽകിവരുന്നു. കൂടാതെ ഹോർഡിംഗ്സുകളും സ്ഥാപിച്ചിട്ടുണ്ട്.

(ഡി) അയൽ സംസ്ഥാനങ്ങളിൽ ഫെസ്റ്റിവലിന്റെ ഹോർഡിംഗ്സുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എഫ്.എം. റേഡിയോയിലൂടെ വിവിധ ഭാഷകളി ലുള്ള ജി.കെ.എസ്.എഫ്. പരസ്യങ്ങളും നൽകി വരുന്നു. ദേശീയ ടെലിവിഷൻ ചാനലുകളും പരസ്യ പ്രചാരണത്തിനായി ഉപയോഗിക്കുന്നുണ്ട്.

(ഇ) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ദിനപത്രങ്ങൾ, മാഗസിനുകൾ എന്നിവയിലും ഹോർഡിംഗ്സുകൾ, ലീഫ് ലെറ്റുകൾ, ബാനറുകൾ തുടങ്ങിയവയിലൂടെയും, വെബ്സൈറ്റുകൾ, ടെലിവിഷൻ ചാനലുകളിലൂടെയും എഫ്.എം. റേഡിയോകളിലൂടെയും നവീന പരസ്യ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(എഫ്) 14 കോടി രൂപയാണ് പരസ്യ പ്രചാരണത്തിനായി മാറ്റിവച്ചിരിക്കുന്നത്.

ഡെസ്റ്റിനേഷൻ കേരള സ്കീം

107 (1863) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ഡെസ്റ്റിനേഷൻ കേരള സ്കീം' നടപ്പാക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിരുന്നുവോ ;

(ബി) പ്രസ്തുത സ്കീം എന്നുമുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നീക്കിവെച്ചത് : എത്ര പുതിയ ടൂറിസം കേന്ദ്രങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) 'ഡെസ്റ്റിനേഷൻ കേരള സ്കീമിൽ' ഏതു ജില്ലയിൽ നിന്നുള്ള ടൂറിസം കേന്ദ്രങ്ങളാണ് കൂടുതലായി ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ :

(ഇ) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി 1995 മുതൽ പ്രാബല്യത്തിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്കായി പ്രത്യേകിച്ച് തുകയൊന്നും നീക്കി വച്ചിരുന്നില്ല. 52 ടൂറിസം കേന്ദ്രങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(ഡി) എറണാകുളം ജില്ല.

(ഇ) ഡെസ്റ്റിനേഷൻ കേരളാ സ്കീം പ്രഖ്യാപിക്കുന്ന അവസരത്തിൽ ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാന്യപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് മുന്തിയ പരിഗണന നൽകി ടൂറിസം വികസിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതനുസരിച്ച് പിന്നീട് കൂടുതൽ സെന്ററുകളെ ഈ സ്കീം പ്രകാരം ഉൾപ്പെടുത്തുകയും, ഇവിടങ്ങളിലെല്ലാം ടൂറിസം വികസന പദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണന നൽകി വരികയും ചെയ്യുന്നു.

അഡ്വഞ്ചർ ടൂറിസം

108 (1864) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിവർഷം എത്ര തുക വീതം അഡ്വഞ്ചർ ടൂറിസത്തിനായി വിനിയോഗിച്ചു ; എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചു ; വിശദാംശങ്ങൾ നൽകുമോ ;

(സി) ടൂറിസം മേഖല ആകർഷകമാക്കാൻ അഡ്വഞ്ചർ ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഹൈ ആൾട്ടിറ്റ്യൂഡ് ട്രക്കിംഗിനായി വിവിധ വന പ്രദേശങ്ങളും റിവർ കയാക്കിംഗിനായി തട്ടേക്കാടിനടുത്ത് പെരിയാർ നദിയും വൈറ്റ് വാട്ടർ റാഫ്റ്റിംഗിനായി ഭൂതത്താൻകെട്ടും പാരാ ഗ്ലൈഡിംഗിനായി വാഗമണ്ണും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ അനുയോജ്യമായ മറ്റു സ്ഥലങ്ങൾ കണ്ടെത്താൻ കഴിയുകയുള്ളൂ. മേല്പറഞ്ഞവയിൽ വാഗമണ്ണിൽ കൊച്ചി ആസ്ഥാനമായി ASSTA എന്ന സ്ഥാപനവുമായി സഹകരിച്ച് അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly